

ഒരു കുഞ്ഞ് ജനിക്കുന്നു



കേരള ശാസ്ത്ര സാഹിത്യപരിഷത്ത്

50 പൈസ

ഗ്രാമശാസ്ത്രജാഥ

"ഇന്ത്യ ഗ്രാമങ്ങളിലാണ് ജീവിക്കുന്നതെന്ന്" മഹാത്മജി പറഞ്ഞു. ആ വാചകത്തിന്റെ അർഥം ഉൾക്കൊള്ളാതെ ഇന്നും പലരു അതാവർത്തിക്കുന്നു.

ഗ്രാമങ്ങളിലെ ജനജീവിതം ഇന്നും പ്രശ്നങ്ങൾ നിറഞ്ഞതാണ്. അന്ധവിശ്വാസങ്ങളും അശാസ്ത്രീയതകളും ഇന്നും ഗ്രാമങ്ങളിൽ കൊടികുത്തിവാഴുന്നു.

ഗ്രാമത്തിലെ സ്കൂളിന്റെയും ആശുപത്രിയുടെയുമൊക്കെ സ്ഥിതി പരിശോധിച്ചു നോക്കൂ. ഗ്രാമത്തിലെ കൃഷിയുടെയും വികസന പ്രവർത്തനങ്ങളുടെയുമൊക്കെ സ്ഥിതി നോക്കൂ.

ഗ്രാമീണ വികസനത്തെ ഉദ്ദേശിച്ച് ഏറെ പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടുന്നു. പക്ഷെ അവയിൽ ഭൂരിഭാഗവും ഏശേണ്ടിടത്ത് ഏശുന്നില്ല.

കർഷകനും കർഷകത്തൊഴിലാളിയും ചെറുകച്ചവടക്കാരും കൈത്തൊഴിലുകാരും എല്ലാം ഈ പന്തികേടിൽപെട്ട് നട്ടം തിരിയുന്നുണ്ട്.

എന്താണീ പന്തികേടിനുകാരണം? എന്താണിതിന് പരിഹാരം? ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് സ്വന്തം പ്രശ്നങ്ങളെ ശാസ്ത്രീയമായി അപഗ്രഥിക്കാനും അവയ്ക്ക് ശാസ്ത്രീയമായ പരിഹാരം കണ്ടെത്താനും കഴിഞ്ഞേ പ്രശ്നങ്ങൾക്ക് അറുതി വരൂ.

ആവഴിക്കുള്ള ഒരെളിയ ശ്രമമാണ് ശാസ്ത്രസാഹിത്യപരിഷത്തിന്റെ ഗ്രാമശാസ്ത്ര ജാഥ.

ഗ്രാമീണപ്രശ്നങ്ങളുമായി ഇടപഴകുവാനും, അവയ്ക്ക് ശാസ്ത്രീയമായ പരിഹാരം കണ്ടെത്തുന്നതിന് സഹായകമായ മാർഗങ്ങളെക്കുറിച്ച് ചർച്ചചെയ്യുവാനും ഈ ജാഥ ശ്രമിക്കും.

ആധുനിക ശാസ്ത്രസാങ്കേതിക നേട്ടങ്ങളു[illegible], ഗ്രാമതലത്തിലുള്ള പ്രസക്തി വിശദീ[illegible]ിക്കുവാനും, ഗ്രാമതലത്തിൽ നടന്നു വരു[illegible] ചൂഷണങ്ങളുടെപൊരുൾ ജനങ്ങളോടൊത്തിരുന്ന് വിശകലനം ചെയ്യുവാനും ഈ ജാഥ ശ്രമിക്കും.

നമ്മുടെ ഗ്രാമങ്ങളിൽ ശാസ്ത്രബോധത്തിന്റേതായ പുതിയൊരുവെളിച്ചം പടർത്തുന്നതിനുള്ള ഈ സംരംഭവുമായി സഹകരിക്കുവാൻ എല്ലാവരോടും അഭ്യർഥിക്കുന്നു.

ജനറൽ സെക്രട്ടറി
ശാസ്ത്രസാഹിത്യ പരിഷത്ത്
പരിഷത്ത് ഭവൻ
തിരുവനന്തപുരം 695001

ജനറൽ കൺവീനർ
ഗ്രാമശാസ്ത്രസമിതി
ശാസ്ത്രസാഹിത്യ പരിഷത്ത്
വാഴയൂർ
രാമനാട്ടുകര

പുരുഷബീജം

1 പുരുഷബീജം എവിടെ സ്ഥിതി ചെ
യ്യുന്നു?
പുരുഷശുക്ലത്തിൽ

2 ഒരുതുള്ളി ശുക്ലത്തിൽ എത്ര ബീജങ്ങളു
ണ്ടാവും?
ഉദ്ദേശം ഒരുകോടി

3 പുരുഷബീജത്തിൻെറ ആകൃതി എന്ത്?
ഒരു തലയും നീണ്ടുമെലിഞ്ഞവാലും

4 പുരുഷബീജം ഉൽപാദിപ്പിക്കപ്പെടുന്ന
ത് എവിടെ?
വൃഷണങ്ങളിലുള്ള സെമിനിഫറസ്
നൂൽകൂഴലുകളിൽ

5 വൃഷണങ്ങളിലുള്ള സെമിനിഫറസ്
നൂൽകുഴലുകളുടെ ഒട്ടാകെനീളം?
ശരാശരി 250 മീററർ

6 പുരുഷബീജം വളർച്ചപ്രാപിക്കുന്നത
സംഭരിക്കപ്പെടുന്നതും എവിടെ?
ശുക്ലനാളത്തിൽ (Epididymis)

7 ശുക്ലത്തിൽ എന്തെല്ലാം അടങ്ങിയിരിക്കു
ന്നു?
ബീജങ്ങളും ശുക്ലപ്ലാസ്മയും.

8 പുരുഷബീജം നിക്ഷേപിക്കപ്പെടുന്നത്
എവിടെ?
യോനീനാളത്തിൻെറ ഗർഭാശയകവാട
ത്തിനടുത്ത്

9 പുരുഷലിംഗം എന്തുകൊണ്ട് നിർമ്മിച്ചിരിക്കുന്നു?
സങ്കോചവികാസ ശേഷിയുള്ള പേശികളാൽ

10 പുരുഷൻെറ ലൈംഗികവളർച്ച പൂർത്തിയാകുന്നതെന്ന്?
ബീജവളർച്ചയോടെ (16 വയസ്സിനു മുമ്പ്)

പുരുഷബീജത്തിൽ എത്ര ക്രോമസോമുകൾ ഉണ്ട്?
23

12 വൃഷണങ്ങൾ ഉൽപാദിപ്പിക്കുന്ന ഹാർമോണുകൾ?
ടെസ്റ്റോസ്ററിറോൺ, ആൻഡ്രോസ്ററിറോൺ

13 ടെസ്റ്റോസ്ററിറോണിൻെറ ധർമ്മം?
പുരുഷൻമാരിൽ ലൈംഗികാസക്തി ഉണ്ടാക്കുക (പൂവൻകോഴിക്ക് തലയിൽ പൂവിന് കാരണമിതാണ്)

14 ടെസ്റ്റോസ്ററിറോണിൻെറ മറെറാരു ധർമ്മം?
രക്തത്തിലെ അരുണാണുക്കളുടെ എണ്ണവും ഹീമോഗ്ലോബിൻെറ അളവും നിയന്ത്രിക്കുക

അണ്ഡം

അണ്ഡം ഉണ്ടാകുന്നതെവിടെ?
സ്ത്രീകളുടെ ഓവറി എന്നറിയപ്പെടുന്ന അണ്ഡാശയത്തിൽ

16 അണ്ഡാശയം എവിടെ സ്ഥിതി ചെയ്യുന്നു?
ഗർഭപാത്രത്തിനിരുവശവും

17 അണ്ഡങ്ങൾ ഉണ്ടാവുന്നതെവിടെ നിന്ന്?
ഓവറിയിലെ ഗ്രാഫിയൻ ഫോളിക്കിൾ എന്നറിയപ്പെടുന്ന സെൽ സമൂഹത്തിൽ നിന്ന്

18 ഓവറികൾ ഉൽപാദിപ്പിക്കുന്ന ഹാർമോണുകൾ ഏവ?
ഈസ്ട്രജൻ, പ്രോജിസ്ററോൺ

19 ഈസ്ട്രജൻ ഉൽപാദനം ആരംഭിക്കു[illegible]തെന്ന്?
ഒരു സ്ത്രീ ഋതുമതിയാവുന്നതിന[illegible] തൊട്ടുമുമ്പ്

20 ഏതുപ്രായം മുതലാണ് സ്ത്രീകളിൽ സാധാരണ അണ്ഡവിസർജനം നടക്കുന്നത്?
13—14 വയസ്സാകുമ്പോൾ

21 സ്ത്രീകളിൽ അണ്ഡബഹിർഗമനം നടക്കുന്നതെന്ന്?
ലൈംഗികചക്രത്തിൽ പതിനാലാം ദിവസം

22 എന്താണ് ലൈംഗിക ചക്രം?
രണ്ട് ആർത്തവങ്ങൾക്കിടക്കുള്ള കാല[illegible] (സാധാരണ 28 ദിവസം)

23 ഓരോ ലൈംഗികചക്രത്തിലും ബഹി[illegible]ഗമിക്കുന്ന അണ്ഡങ്ങൾ എത്ര?
സാധാരണ ഒന്ന്. അപൂർവം ച[illegible]പ്പോൾ ഒന്നിൽ കൂടുതൽ

24 പ്രായപൂർത്തിയാകുന്നതുവരെ ഈ അണ്ഡങ്ങൾ എവിടെ സ്ഥിതി ചെയ്യുന്നു?
അണ്ഡാശയ (ഓവറി) ത്തിൽ നിഷ്ക്രിയമായി വർത്തിക്കുന്നു

25 ഒരു സ്ത്രീയുടെ ജീവിതത്തിൽ ശരാ

ശരി എത്ര അണ്ഡങ്ങൾ ബഹിർഗമിക്കപ്പെടും?
മാസത്തിൽ ഒന്നുവീതം ശരാശരി 400

26 ഒരു സ്ത്രീയുടെ പ്രത്യുൽപാദന (അണ്ഡബഹിർഗമന) ശേഷിയുള്ള കാലം?
ഇന്ത്യൻ ശരാശരി 32 വർഷം

27 ആർത്തവം എന്നാലെന്ത്?
പക്വത എത്തി അണ്ഡാശയത്തിൽ നിന്നും ബഹിർഗമിച്ച അണ്ഡം പുരുഷ ബീജവുമായി സംയോജിക്കാനിടയാകുന്നില്ലെങ്കിൽ രക്തത്തോടൊപ്പം പുറന്തള്ളപ്പെടുന്നു. അതാണ് ആർത്തവം

28 ഋതുവാകുക എന്നാൽ എന്ത്?
12—15 വയസ്സിനിടക്ക് ആദ്യം ബഹിർഗമിക്കപ്പെടുന്ന അണ്ഡം പുരുഷ ബീജവുമായി സംയോജിക്കാതെ ആർത്തവരക്തവുമൊന്നിച്ച് വിസർജിക്കപ്പെടുന്നത്

29 അണ്ഡാശയത്തിലെ ഒരണ്ഡം മൂപ്പെത്തുമ്പോൾ ബഹിർഗമിക്കപ്പെടുന്നത് എങ്ങോട്ട്?
ഫല്ലോപിയൻ കുഴലിലേക്ക്

) ഒരണ്ഡം മൂപ്പെത്തുവാൻ എടുക്കുന്ന കാലം
28 ദിവസം

സ്ത്രീകളിൽ ആർത്തവം നിൽക്കുന്നത് എന്തിൻെറ സൂചനയാണ്?
അണ്ഡാശയത്തിൽ അണ്ഡനിർമിതി നടക്കുന്നില്ല എന്നതിൻെറ സൂചന (പ്രത്യുൽപാദനശേഷി നശിച്ചിരിക്കുന്നു)

32 ഏതുപ്രായത്തിലാണ് സാധാരണ സംഭവിക്കുക?
45നും 50നും ഇടക്ക്

33 ആർത്തവത്തെ ക്രമീകരിക്കുന്ന ഹാർമോൺ
ഈസ്ട്രജൻ
34 ഈസ്ട്രജൻ നിർമിതി എവിടെ?
അണ്ഡാശയത്തിലെ ബുദ്ബുദങ്ങളിൽ
35 ഫല്ലോപ്പിയൻ കുഴലിലേക്ക് വിസർജിക്കപ്പെടുന്ന അണ്ഡത്തിന് എന്തു സം
വിക്കുന്നു?
ഫല്ലോപ്പിയൻ കുഴൽവഴി ഗർഭാശയത്തിലെത്തുന്ന അണ്ഡം മൂന്നുനാലു ദിവസം കൂടി പുരുഷബീജത്തെക്കാത്തു കഴിയും. എന്നിട്ടും പുരുഷബീജവുമായി സംയോജിക്കാൻ സൗകര്യം കിട്ടാത്ത പക്ഷം ആർത്തവരൂപത്തിൽ പുറന്തള്ളപ്പെടും
36 കോർപ്പസ് ലൂട്ടിയം എന്നാലെന്ത്?
അണ്ഡത്തെ ബഹിർഗമിപ്പിച്ച അണ്ഡാശയഭാഗത്ത് വളരുന്ന പേശീവ്യൂഹം
37 അതിന് പിന്നീടെന്തു സംഭവിക്കുന്നു?
അണ്ഡം പുരുഷബീജവുമായി ചേരാത്തപക്ഷം ആർത്തവത്തെതുടർന്ന് അത് ഇല്ലാതാവും. മറിച്ച് ഭ്രൂണമുണ്ടായാൽ ഭ്രൂണം ഗർഭാശയത്തിൽ വളരുന്നിടത്തോളം കാലം കോർപ്പസ് ലൂട്ടിയം അണ്ഡാശയത്തിലുമുണ്ടാവും
38 എന്താണതിൻെറ ധർമ്മം?
ഭ്രൂണത്തെ ഗർഭാശയത്തിൽ ഉറപ്പിക്കുന്നതും വളർത്തുന്നതും കോർപ്പസ് ലൂട്ടിയമാണ്
39 കോർപ്പസ് ലൂട്ടിയം വിസർജിക്കുന്ന ഹാർമോൺ
പ്രോജിസ്റററോൺ

40 ആ ഹാർമോണിന്റെ ധർമ്മമെന്ത്?
ഭ്രൂണത്തിന്റെ നിലനില്പിനും വികാസത്തിനും ആവശ്യമാണത്. ഗർഭകാലത്ത് സ്ത്രീകളുടെ രക്തത്തിൽ ഇതിന്റെ അളവ് വർദ്ധിച്ചിരിക്കും.

ഭ്രൂണം

എന്താണ് ഭ്രൂണം?
പുംസ്ത്രീ ബീജങ്ങളുടെ സംയോജനഫലമായുണ്ടാകുന്ന ജീവാങ്കുരം

42 പുംബീജം അണ്ഡവുമായി ചേരുന്നതെവിടെവെച്ച്?
മിക്കവാറും ഗർഭനാളത്തിൽ (ഫല്ലോപിയൻ ട്യൂബ്) വെച്ച്

43 പുരുഷബീജം അണ്ഡത്തിനടുത്ത് എത്തുന്നതെങ്ങിനെ?
വാലിന്റെ സഹായത്താൽ നീന്തി

44 ഒരു അണ്ഡം എത്ര ബീജത്തെ സ്വീകരിക്കും?
ഒന്നിനെ മാത്രം

45 അണ്ഡം സ്വീകരിക്കാത്ത പുംബീജങ്ങൾക്കെന്തു സംഭവിക്കുന്നു?
ചത്തുപോകുന്നു

6 ബീജം അണ്ഡവുമായി ചേർന്നാൽ അതിനെന്തു പേർപറയുന്നു?
സൈഗോട്ട്

47 സൈഗോട്ട് വളരുന്നതെവിടെ?
ഗർഭപാത്രത്തിൽ

48 ഗർഭപാത്രം എന്തുകൊണ്ട് നിർമ്മിച്ചിരിക്കുന്നു?
മാംസപേശീഭിത്തികളാൽ

49 ഗർഭപാത്രത്തിന്റെ വലുപ്പം?
ശരാശരി 3 ഇഞ്ച് നീളം

50 ഗർഭപാത്രത്തിൻെറ കവാടം എങ്ങോട്ട്
തുറന്നിരിക്കുന്നു?
യോനിയിലേക്ക്
51 ഒരണ്ഡത്തിൽ എത്ര ക്രോമസോമുകൾ
ഉണ്ട്?
46
52 പോളാർബോഡി എന്നാലെന്ത്?
പുംബീജവുമായി ചേരുന്നതിനൽപം
മുമ്പ് അണ്ഡം അതിൻെറ നേർ പക
തി പുറന്തള്ളും. 23 ക്രോമസോമുകള
കുറെ പ്രൊട്ടോപ്ലാസവും. അങ്ങനെ പ
റന്തള്ളപ്പെടുന്ന അണ്ഡാംശമാണ് പോ
ളാർബോഡി
53 പോളാർബോഡി പോയശേഷം അണ്ഡ
ത്തിൽ അവശേഷിക്കുന്ന ക്രോമസോമു
കൾ?
23
54 ഭ്രൂണത്തിലെ 46 ക്രോമസോമുകൾ എ
ങ്ങനെ ലഭിക്കുന്നു?
പകുതി പിതാവിൽനിന്നും (പുംബീജം)
പകുതി മാതാവിൽനിന്നും (അണ്ഡം)
55 ഭ്രൂണത്തിന് ആദ്യമുണ്ടാവുന്ന മാററം
എന്ത്?
2, 4, 8, 16 എന്ന തോതിൽ സെല്ലുകൾ
വിഭജിച്ചുവളരുന്നു
56 മോറുല എന്നാൽ എന്ത്?
മേൽപറഞ്ഞ രീതിയിൽ വളരുന്ന ദശയ
ലുള്ള ഭ്രൂണം
57 ഭ്രൂണത്തിൻെറ വളർച്ചക്കാവശ്യമായ
പോഷണം എവിടെനിന്നുലഭിക്കും?
മാതൃരക്തത്തിൽനിന്ന്
58 ഭ്രൂണത്തെ മാതാവുമായി യോജിപ്പിക്കു
ന്ന ഭാഗം ഏത്?
മറുപിള്ള (പ്ലാസൻറ)

59 ഭ്രൂണത്തെ പോററുന്നത് ആര്?
അതിനോടുചേർന്നു വളരുന്ന അന്നകോശനിര

60 അന്നകോശനിരക്ക് അതിനുള്ള പോഷണം എവിടെനിന്നു കിട്ടുന്നു?
മറുപിള്ള (പ്ലാസൻറ) വഴി മാതൃരക്തത്തിൽനിന്നും.

ഭ്രൂണത്തിൻെറ വളർച്ച

61 അണ്ഡബീജസംയോജനാനന്തരം ഭ്രൂണത്തിൻെറ വലുപ്പം
നഗ്നനേത്രങ്ങൾക്ക് കാണാൻ കഴിയാത്ത ഒരു ബിന്ദു

62 ഭ്രൂണത്തിന് ആദ്യമാസത്തിൽ എന്തു സംഭവിക്കുന്നു?
രൂപത്തിൽ 50 മടങ്ങും ഭാരത്തിൽ എട്ടായിരം മടങ്ങും വലുതാവുന്നു. ഉദ്ദേശം കാലിഞ്ചു നീളം

63 ഹൃദയമുണ്ടാകുന്നതെപ്പോൾ?
17–ാം ദിവസം രൂപപ്പെട്ടുതുടങ്ങുന്നു

64 മസ്തിഷ്കം രൂപമെടുക്കുന്നതെന്ന്?
നാലാമത്തെ ആഴ്ചയിൽ

65 ഗട്ട് എന്നാലെന്ത്?
ഭ്രൂണത്തിനുണ്ടാകുന്ന അന്നപഥം

66 ശ്വാസകോശങ്ങൾ ഉണ്ടാവുന്നതെന്ന്?
47 അഞ്ചാമത്തെ ആഴ്ചയിൽ

67 അഞ്ച് ആഴ്ചകൊണ്ട് സിദ്ധിക്കുന്ന വളർച്ച?
ഉദ്ദേശം 3/10 ഇഞ്ച്

68 കണ്ണുകളും കൺപോളകളും ഉണ്ടാവുന്നതെന്ന്?
രണ്ടുമാസം പൂർത്തിയായാൽ

69 ഭ്രൂണത്തിൻെറ വാലിന് ഏററവും നീളം കൂടുന്നതെപ്പോഠം?
അഞ്ചാമത്തെ ആഴ്ചയിൽ
70 ലൈംഗികാവയവങ്ങഠം വളരാൻ തുടങ്ങുന്നതെന്ന്?
രണ്ടാം മാസത്തിൽ
71 ഭ്രൂണദശയിൽ വൃഷണങ്ങളുടെ സ്ഥാനം ഏത്?
വൃക്കയുടെ അടുത്ത്
72 ലൈംഗികാവയവങ്ങളുടെ രൂപപ്പെ ലിൽ കാണുന്ന പ്രത്യേകത എന്ത്?
ആണിൻെറയും പെണ്ണിൻെറയും അവയവങ്ങഠം ഒരുമിച്ച് കാണാം. പിന്നീടാണ് ഏതെങ്കിലും ഒന്നിന് പ്രാധാന്യം കിട്ടുന്നത്
73 ആദ്യം രൂപപ്പെടുന്നത് ഏതുലിംഗം?
പുല്ലിംഗം. സ്ത്രീലിംഗം സാവധാനത്തിലേ രൂപപ്പെടുകയുള്ളു.
74 ഭ്രൂണം ഒരുശിശുവിൻെറ രൂപത്തിലാവുന്നത് എന്ന്?
മൂന്നുമാസമായാൽ
75 സ്വനതന്തുക്കഠം രൂപമെടുക്കുന്നത് എന്ന്?
മൂന്നാം മാസത്തിൽ
76 സ്വനതന്തുക്കഠം പൂർണവളർച്ചനേടാ എന്തുസമയമെടുക്കും?
ആറുമാസം കഴിയും
77 ഭ്രൂണത്തെ ആവരണംചെയ്യുന്ന കോ ഭാഗത്തിന് എന്തുപേർ പറയും?
മുന്നീർക്കുടം

ആണും പെണ്ണും

78 ഗർഭസ്ഥ ശിശുവിൻെറ ലിംഗഭേദത്തിനുത്തരവാദിയാര്?
പുരുഷബീജം

79 സ്ത്രീയുടെ അണ്ഡത്തിൻെ ക്രോമ സോമുകൾ എന്തുപേരിൽ അറിയപ്പെടുന്നു?
X ക്രോമസോമുകൾ

80 പുംബീജത്തിൽ രണ്ടുതരം ക്രോമസോമുകൾ ഉണ്ട്. ഏതാണവ?
X,Y ക്രോമസോമുകൾ

81 പെൺകുട്ടി ഉണ്ടാവുന്നതെങ്ങനെ?
പുംബീജത്തിലേയും അണ്ഡത്തിലേയും X ക്രോമസോമുകൾ തമ്മിൽ സംയോജിച്ചുണ്ടാവുന്ന ശിശു പെണ്ണാവുന്നു

82 ആൺകുട്ടി ഉണ്ടാവുന്നതെങ്ങനെ?
Y ക്രോമസോമുള്ള ഒരു പുരുഷബീജം X ക്രോമസോമുള്ള ഒരണ്ഡത്തോടുചേരുമ്പോൾ

83 പാരമ്പര്യത്തെ നിർണ്ണയിക്കുന്ന ഘടകമേത്?
ക്രോമസോമുകളും അവയിലെ പ്രവർത്തന ഘടകങ്ങളായ ജീനുകളും

84 ലൈംഗിക ഹാർമോണുകൾ ഏവ?
പുരുഷ ഹാർമോണുകളും സ്ത്രീഹാർമോണുകളും

85 പുരുഷൻ പുരുഷനാകുന്നതും സ്ത്രീ സ്ത്രീയാകുന്നതുമെങ്ങനെ?
രണ്ടു ഹാർമോണുകളും എല്ലാ മനുഷ്യരിലുമുണ്ട്. ഒരാൾ ആണാകുന്നത് അയാളിൽ പുരുഷ ഹാർമോണുകൾ മാത്രം ഉള്ളതുകൊണ്ടല്ല. അതു കൂടുതലുള്ളതുകൊണ്ടാണ്. സ്ത്രീകളിൽ സ്ത്രീ ഹാർമോണിനായിരിക്കും ആധിപത്യം.

86 പുരുഷഹാർമോണിൻെറ ശാസ്ത്രീയ നാമം?
ആൻഡ്രോജൻ

87 സ്ത്രീഹാർമോൺ
ഈസ്ട്രജൻ

88 പുരുഷനിൽ സ്ത്രൈണ സ്വഭാവവും സ്ത്രീയിൽ പുരുഷത്വവും പ്രകടമാവുന്നതെന്തുകൊണ്ട്?
പുരുഷ സ്ത്രീ ഹാർമോണുകളുടെ സന്തുലിതാവസ്ഥ തെററുന്നതിനാൽ

ഇരട്ടകൾ

89 ഇരട്ടക്കുട്ടികൾ രണ്ടുതരം. ഏതെല്ലാം?
ഏകാണ്ഡസന്തതികൾ, ഭിന്നാണ്ഡ സന്തതികൾ

90 ഏകാണ്ഡ സന്തതികൾ ഉണ്ടാവുന്നതെങ്ങനെ?
ഗർഭാശയത്തിൽ വളർന്നുവരുന്ന ഭ്രൂണം ചിലപ്പോൾ രണ്ടായിപിളർന്ന് രണ്ടു ഭ്രൂണങ്ങളായി വളരുന്നു

91 ഭിന്നാണ്ഡസന്തതികൾ ഉണ്ടാവുന്നതെങ്ങനെ?
സ്ത്രീകളിൽ മാസത്തിലൊരിക്കൽ ഒരണ്ഡമേ സാധാരണ ബഹിർഗമിക്കാറുള്ളൂ. അപൂർവം ചിലപ്പോൾ ഒന്നിലേറെ അണ്ഡങ്ങൾ ബഹിർഗമിച്ചെന്നിരിക്കും. അങ്ങനെ ഉണ്ടാവുന്ന സന്തതിക[ൾ]

92 ഏകാണ്ഡസന്തതികളുടെ പ്രത്യേക[ത]കൾ എന്ത്?
അവർ എല്ലാവിധത്തിലും സദൃശരാ[യി]രിക്കും. ആകൃതി, പ്രകൃതി, രക[്ത] ഗ്രൂപ്പ് തുടങ്ങി വിരലടയാളത്തിൽവ[രെ]

93 ഏകാണ്ഡസന്തതികളെ കണ്ടുപിടിക്കുന്നതിൽ ഒരിക്കലും തെററുപററാത്ത ഒരു പരീക്ഷണം?
അവരുടെ ചർമ്മം അന്യോന്യം ഒട്ടിച്ചാൽ വളരും. ഭിന്നാണ്ഡ സന്തതികളിൽ ചർമ്മഖണ്ഡം പരിത്യജിക്കപ്പെടും

ഗർഭം പ്രസവം

94 പ്രസവം എന്നാലെന്ത്?
വളർച്ചയെത്തിയ ഗർഭസ്ഥ ശിശു മാതാവിൻെറ ഗർഭപാത്രത്തിൽനിന്ന് പുറന്തള്ളപ്പെടുന്നതിനെ പ്രസവം എന്നുപറയുന്നു

5 ഭ്രൂണം ഗർഭാശയത്തിൽ പൂർണ വളർച്ചക്കെടുക്കുന്ന കാലം?
280 ദിവസം

96 ഭ്രൂണം വളരുന്നതെവിടെ?
സാധാരണ ഗർഭാശയത്തിൽ

97 അബ്ഡോമിനൽഗർഭം എന്നാലെന്ത്?
അപൂർവം സന്ദർഭങ്ങളിൽ ഭ്രൂണം വഴിതെററി ഉദരത്തിലെത്തി അവിടെ വളരും.

98 ട്യൂബിലർ ഗർഭം എന്നാലെന്ത്?
അണ്ഡം പുംബീജവുമായി സംയോജിക്കുന്ന ഫല്ലോപിയൻ ട്യൂബിൽതന്നെ ഭ്രൂണം വളരുന്ന ഗർഭം

99 പ്രഭാതരോഗം എന്നാലെന്ത്?
ഗർഭിണികൾക്കുണ്ടാകുന്ന ഛർദ്ദിയും ഓക്കാനവും

00 സ്തനഗ്രന്ഥികളിൽ പാലുണ്ടാകുവാൻ സഹായിക്കുന്ന ഹാർമോൺ?
പിററ്യൂട്ടറി ഗ്രന്ഥിയിൽനിന്നും ഉണ്ടാവുന്ന ലാക്ടോജനിക്ക് ഹാർമോൺ.

Printed at Social Scientist Press, Pattom, Tvm-4